നം.NEP(3)...62147/09/2012/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: ....14.9.12

**സർക്കുലർ**

വിഷയം :- **പൊതുവിദ്യാഭ്യാസം - സ്കൂളുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ദിനാചരണം നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

ഈ വർഷം സെപ്റ്റംബർ 15 സ്വതന്ത്ര സോഫ്റ്റ്വെയർ ദിനമായി (Software Freedom Day) ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും സെപ്റ്റംബർ 19-ന് താഴെപറയുന്ന പരിപാടികൾ നടത്തേണ്ടതാണ്:

1. രാവിലെ സ്കൂൾ അസംബ്ലിയിൽ 'സ്വതന്ത്ര സോഫ്റ്റ്വെയർ ദിന'ത്തെക്കുറിച്ച് ഒരു ലഘു പ്രഭാഷണം നടത്തുകയും തുടർന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്യേണ്ടതാണ്. (ഭാഷണത്തിനുള്ള കുറിപ്പും, പ്രതിജ്ഞയും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു). പ്രസ്തുത പ്രതിജ്ഞ കുട്ടികളെക്കൊണ്ട് ഏറ്റുചൊല്ലിക്കുകയും ചെയ്യണം.
2. സ്വതന്ത്ര സോഫ്റ്റ്വെയർ ദിനാഘോഷത്തിന്റെ ഭാഗമായി ഓരോ ജില്ലയിലെയും സ്കൂളുകളിൽ വിവിധങ്ങളായ ആഘോഷ പരിപാടികൾ (സ്വതന്ത്ര സോഫ്റ്റ്വെയർ സംബന്ധമായ പ്രഭാഷണങ്ങൾ, സെമിനാറുകൾ, കുട്ടികൾക്കായുള്ള വിവിധ ഐ.ടി മത്സരങ്ങൾ തുടങ്ങിയവ) നടത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഐ.ടി@സ്കൂൾ പ്രോജക്ടിലെ ജില്ലാ കോർഡിനേറ്റർമാരുടെ സഹായത്തോടെ ജില്ലകളിൽ ഈ പ്രവർത്തനം ആസൂത്രണം ചെയ്ത് നടത്തേണ്ടതാണ്.

എല്ലാ ഹൈസ്കൂളുകളിലും അപ്പർപ്രൈമറി സ്കൂളുകളിലും സ്വതന്ത്ര സോഫ്റ്റ്വെയർ ദിനാഘോഷ പരിപാടികൾ നടത്തേണ്ടതാണ്. ഇതിനായി സ്കൂൾ ഐ.ടി കോർഡിനേറ്റർമാരുടെയും ഐ.ടി അധ്യാപകരുടെയും സ്റ്റുഡന്റ് ഐ.ടി കോർഡിനേറ്റർമാരുടെയും സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

14/9/12

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ.മുഖാന്തിരം)

# അനുബന്ധം - 1

## ആമുഖഭാഷണത്തിനുള്ള കുറിപ്പ്

സഹസ്രാബ്ദങ്ങളായി മാനവരാശി ഉത്പാദിപ്പിച്ച വിജ്ഞാനം മറ്റുള്ളവർ 'ഉപയോഗിച്ചും' 'പഠിച്ചും' 'കൈമാറിയും' 'മെച്ചപ്പെടുത്തി'യുമാണ് സമൂഹം വളർന്നത്.

വിജ്ഞാനത്തെ ഈ പറഞ്ഞ നാല് സ്വാതന്ത്ര്യങ്ങളോടുകൂടി സമൂഹത്തിനു കിട്ടണം. എന്നാൽ വിജ്ഞാനത്തെ സ്വാർത്ഥലാഭത്തിനായി ചിലർ കൈയ്യടക്കിവയ്ക്കുന്ന പ്രവർത്തനം എല്ലാ മേഖലയിലും ഇന്ന് കാണപ്പെടുന്നു. ഇതിനെതിരായി സോഫ്റ്റ്‌വെയർ മേഖലയിൽ വളർന്നു വരുന്ന ആഗോള കൂട്ടായ്മയാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം. താഴെപ്പറയുന്ന നാലു സ്വാതന്ത്ര്യങ്ങളും അനുവദിക്കുന്നതാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ. അതായത് (i) ഏത് ആവശ്യത്തിനുംവേണ്ടി പ്രവർത്തിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം (Freedom 0), (ii) എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പരിശോധിക്കുവാനും ആവശ്യങ്ങൾക്കനുസരിച്ച് പ്രോഗ്രാമിൽ മാറ്റം വരുത്താനുള്ള സ്വാതന്ത്ര്യം (Freedom 1), (iii) പകർപ്പെടുത്ത് വിതരണം ചെയ്യാനുള്ള അവകാശം (Freedom 2), (iv) മെച്ചപ്പെടുത്തി സമൂഹനന്മയ്ക്കായി പ്രസിദ്ധീകരിക്കാനുള്ള സ്വാതന്ത്ര്യം (Freedom 3).

പണം ഈടാക്കുന്നതോടൊപ്പം ഈ സ്വാതന്ത്ര്യങ്ങൾ നിഷേധിക്കുന്ന പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറുകൾ നമുക്ക് വേണോ? പ്രത്യേകിച്ച് അതിന് സമാനമോ മെച്ചപ്പെട്ടതോ ആയ സോഫ്റ്റ്‌വെയറുകൾ സ്വതന്ത്രമായി ബഹുജന കൂട്ടായ്മയോടെ വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത്!

'കൊടുക്കുന്തോറും ഏറുന്നതും ചോരന്മാർ കൊണ്ടുപോകാത്തതുമാണ് വിദ്യാധനം' എന്ന ആപ്തവാക്യം വിശ്വസിക്കുന്ന നമ്മൾ തന്നെ വിലകൊടുത്തുവാങ്ങിയ സോഫ്റ്റ്‌വെയർ വിദ്യ ആർക്കെങ്കിലും കൈമാറിയാൽ കൊടുത്തവരെ ചോരൻ എന്നുവിളിക്കുന്ന പ്രൊപ്രൈറ്ററി നിബന്ധനകൾക്ക് എന്തിന് അടിമപ്പെടണം?

പ്രസിദ്ധമായ ഒരു ഉദാഹരണം ഉണ്ട്. 'നിങ്ങളുടെ കൈയിൽ ഒരു മഞ്ഞ ആപ്പിൾ ഉണ്ടെന്നു കരുതുക, സുഹൃത്തിന്റെ കൈയിൽ ചുവന്ന ആപ്പിളും. നിങ്ങൾ അവ പരസ്പരം കൈമാറിയാൽ രണ്ടുപേർക്കും ഓരോ ആപ്പിൾ എന്ന നിലതന്നെ തുടരും. എന്നാൽ നിങ്ങൾ കൂട്ടുകാരന് കൈമാറുന്നത് അയാൾക്ക് അറിയാത്ത ഒരു വിദ്യയോ, പാട്ടോ, തമാശയോ, കഥയോ ആണെന്നിരിക്കട്ടെ. അതുപോലെ അയാൾ നിങ്ങൾക്ക് തിരിച്ചുതരുന്നതും മറ്റൊരു വിദ്യയാണെന്നിരിക്കട്ടെ. അപ്പോൾ രണ്ടുപേർക്കും ലഭിക്കുന്നത് നേരത്തെയുള്ളതിന്റെ ഇരട്ടിയല്ലേ? അതാണ് വിജ്ഞാനം എന്ന ഭൗതികേതര സമ്പത്തിന്റെ കൈമാറ്റം കൊണ്ടുള്ള മെച്ചം. ഇതുപോലെയാണ് സോഫ്റ്റ്‌വെയർ സ്വതന്ത്രമായി കൈമാറിയാലുള്ള മെച്ചവും. അവ സമൂഹത്തിന് മുതൽ കൂട്ടാകുന്നു. നമ്മുടെ ഇതിഹാസകഥകൾ മറ്റാർക്കും പറഞ്ഞുകൊടുക്കരുതെന്നോ മാറ്റം വരുത്തി എഴുതരുതെന്നോ നിബന്ധനയുണ്ടായിരുന്നെങ്കിൽ അവയെ അടിസ്ഥാനമാക്കി ലോകത്തെമ്പാടുമുണ്ടായ ആയിരക്കണക്കായ സാഹിത്യകൃതികളും കലാരൂപങ്ങളും സമൂഹത്തിന് ലഭിക്കുമായിരുന്നോ?

പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിന് വേണ്ടി ചെലവഴിക്കുന്ന ലക്ഷക്കണക്കിന് രൂപ ഓരോ സ്കൂളിനും ലാഭിച്ചുകൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് നാം മാറുകയാണ്.

ഇന്ത്യയിൽ ഈ നേട്ടം കൈവരിക്കുന്ന ആദ്യത്തെ സംസ്ഥാനം കേരളമാണെന്ന് നമുക്ക് അഭിമാനിക്കാം. ലോകവിദ്യാഭ്യാസ രംഗത്തുതന്നെ ഇതൊരു മികച്ച മാതൃകയാണ്.

ഭാവിയിൽ നിങ്ങൾ ഓരോരുത്തരും ഓരോ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരും സ്വന്തമായി വിജ്ഞാനം നിർമ്മിക്കുന്നവരുമാകാം. അതിനാൽ നമുക്ക് സെപ്റ്റംബർ 19-ന്റെ 'സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിന'ത്തെ അനുസ്മരിച്ചുകൊണ്ട് ഇങ്ങനെ പ്രതിജ്ഞയെടുക്കാം.

## പ്രതിജ്ഞ

“അറിവിന്റെ കുത്തകവല്ക്കരണത്തിനുള്ള എല്ലാത്തരം ശ്രമങ്ങളെയും നാം ചെറുക്കുമെന്നും നാം ഓരോരുത്തരും സൃഷ്ടിക്കുന്ന വിജ്ഞാനത്തെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കുമായി എന്നും സ്വതന്ത്രമാക്കുമെന്നും സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാത്തരം വിജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിനായി പ്രവർത്തിക്കുമെന്നും നാം കൂട്ടായി പ്രതിജ്ഞയെടുക്കുന്നു.”